

# ടച്ച് മീ

TOUCH ME

ജൂൺ 2024


19th
ANNIVERSARY
12-06-2024
Rajesh Rocky
Roshiyo Rajesh
Thalakkottoor House
Guruvayur Road, Kunnamkulam
Sharing Happiness : Dear & Near



ESTD : 1747

# ടച്ച് മീ

TOUCH ME


## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 16 – 2024 ജൂൺ – ലക്കം : 10

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫൊറോന - തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in


ST. SEBASTIAN R.C. CHURCH KUNNAMKULAM ★ ESTD: 1747 ★


## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ
**ജോണി ബെപ്പോ**
93493 79009

സബ്ബ് എഡിറ്റേഴ്സ്
**സിസ്റ്റർ അൻസ ജോസ്** CMC
80869 50771

**M.K. ദേവസ്സി**
94953 28758

**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**V.C. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**M.L. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ C. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
**എം.എൽ. മാണി** 94463 91580
**ജോപോൾ വി. ആലപ്പാട്ട്** 94467 23804
**പോയ്സ് ജേബി** 99611 18927


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഇടവക ചെറിയ തിരുനാൾ | 4 |
| ഇടവക വാർത്തകൾ | 5 |
| വിശ്വാസപരിശീലനം | 9 |
| കെ.എൽ.എം. വാർഷികം | 10 |
| സഭാ വാർത്തകൾ | 11 |
| വചനം ജീവിക്കാനുള്ള ഇന്ധനം | 13 |
| മേരി മാതാ കുടുംബകൂട്ടായ്മ... | 15 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| സെന്റ് ആന്റണീസ് കുടുംബ..... | 17 |
| വഴിവിളക്ക് | 18 |
| ജൂനിയർ സിഎൽസി. പംക്തി | 19 |
| അനുഗ്രഹത്തിന്റെ അരുവികൾ | 21 |
| ഹൃദയം ഹൃദയത്തോട് | 23 |
| മിഴിവിളക്ക് | 25 |
| പുസ്തകപരിചയം | 27 |
| പാചക കോർണർ | 28 |
| നിറംകൊടുക്കാമോ | 29 |
| ചിത്രശാല | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

കഠിനമായ വേനൽ പിന്നിട്ട് മറ്റൊരു മഴക്കാലം കൂടി വരവായി. ജീവിതത്തിലുമുണ്ടാവാറില്ലേ ഋതുഭേദങ്ങളുടെ ഇത്തരം വഴിത്തിരിവുകൾ! സഹനത്തിന്റെ കനൽ വഴികളിൽ ആശ്വാസത്തിന്റെ... സ്നേഹമാരിയ്ക്കായി നാം കത്തുന്ന ഹൃദയത്തോടെ കാത്തിരിക്കാറില്ലേ! ജൂൺ മാസം സ്നേഹാഗ്നിജ്വാലയാൽ എരിയുന്ന ഈശോയുടെ തിരുഹൃദയത്തണലിലേക്ക് നമ്മെ ചേർത്തു നിർത്തുന്നു.

മനുഷ്യനേത്രങ്ങൾകൊണ്ട് നോക്കിയാൽ മനുഷ്യഹൃദയത്തിന്റെ വലിപ്പവും, അനുഭവിച്ചറിയുമ്പോൾ ദൈവത്തിന്റെ ഹൃദയത്തിന്റെ അനന്തതയും, ആഴവുമുള്ള ഹൃദയം... ആർക്കും എപ്പോഴും ഇടംതേടാനും ഇടംകൊടുക്കാനും കഴിവുള്ള ഹൃദയം... ശത്രുക്കളെയും മിത്രങ്ങളെയും ഒരുപോലെ ഉൾക്കൊള്ളുന്ന ഹൃദയം... അത്, കുത്തിതുറക്കപ്പെട്ടതാണ്. അതു മുള്ളുകളാൽ ചുറ്റപ്പെട്ടതാണ്. ഒറ്റപ്പെടുത്തലിന്റേയും ഉപേക്ഷിക്കപ്പെടലിന്റേയും ശാരീരിക പീഢകളുടേയും വേദനകൾ ആ ഹൃദയത്തിനു നന്നായി അറിയാം. നമുക്ക് മാധുര്യവാനായ ഈശോയുടെ സ്നേഹനിർമ്മലമായ ഹൃദയത്തോട് നമ്മുടെ ഹൃദയത്തെ ചേർത്ത് വെയ്ക്കാം. സഹോദരന്റെ സന്തോഷത്തിലും ദുഃഖത്തിലും പങ്കുചേരുന്ന മനുഷ്യരാവാം. മനുഷ്യന്റെ മുഖത്തുനോക്കി നിർവ്യാജം പുഞ്ചിരിക്കാം. കരയുന്നവന്റെ നെടുവീർപ്പുകളും തേങ്ങുന്നവന്റെ ഗദ്ഗദങ്ങളും ഏറ്റുവാങ്ങാം...

കാരണം ഈശോ - ഈശോയുടെ തിരുഹൃദയം അങ്ങനെയായിരുന്നു. എസക്കിയേൽ പ്രവാചകനിലൂടെ ദൈവം നമുക്ക് തരുന്ന ഒരു വാഗ്ദാനമുണ്ട്; "നിങ്ങൾക്കു ഞാനൊരു പുതിയ ഹൃദയം നൽകും. ഒരു പുതിയ ചൈതന്യം അവരിൽ ഞാൻ നിക്ഷേപിക്കും". (എസ. 11, 19) നാം പ്രാർത്ഥിക്കേണ്ടത് ഈ പുതിയ ഹൃദയത്തിനുവേണ്ടിയാണ്. നാം ആഗ്രഹിക്കേണ്ടത് ഈ പുതിയ ചൈതന്യം നമ്മുടെ ഹൃദയത്തിൽ നിറയപ്പെടുന്നതിന് വേണ്ടിയാണ്. ഈശോയുടെ തിരുഹൃദയം നമ്മെയും നമ്മുടെ കുടുംബങ്ങളേയും അനുഗ്രഹിക്കട്ടെ.

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി

പ്രിയ ഇടവക ജനമേ,

ഒരു മനുഷ്യൻ ഒരു മുൾച്ചെടി നട്ടു. തെരുവീഥിയിലേക്കിറങ്ങി അതു വളർന്നു. വഴിപോക്കരുടെ കാലുകളിലെല്ലാം അതിന്റെ കൂർത്ത മുള്ളുകൾ തുളച്ചുകയറി. നിരപരാധികളുടെ രക്തം പെരുവഴിയിൽ വീണു. ഗവർണ്ണർ മുൾച്ചെടിയുടെ ഉടമസ്ഥനോട് അതു പറിച്ചുകളയുവാൻ ആവശ്യപ്പെട്ടു. "നാളെ ഞാൻ പറിച്ചുകളയാം" എന്ന് അദ്ദേഹം പറഞ്ഞു. നാളെ നാളെ നീളെ നീളെയായി. മുൾച്ചെടി പടർന്നു പന്തലിക്കുകയും അനേകരുടെ പാദങ്ങളിൽ വൃണങ്ങൾ സൃഷ്ടിച്ചുകൊണ്ടുമിരിക്കുന്നു. കാലം കഴിയുംതോറും മുൾച്ചെടിയുടെ ശക്തി വർദ്ധിക്കുകയും ഉടമസ്ഥനും പ്രായമേറുകയും ചെയ്തു. അയാളുടെ ബലം ക്ഷയിക്കുകയും ചെയ്തു.

ഏതു ദുഃശ്ശീലവും മുൾച്ചെടിക്കു തുല്യമാണ്. അത് മറ്റുള്ളവരെ വൃണപ്പെടുത്തുന്നു. പറിച്ചെറിയാൻ എത്രകണ്ടു വൈകുന്നുവോ അത്രയ്ക്കു അതിന്റെ ശക്തിവളരുകയും ഉടമയുടെ ആത്മബലം തളരുകയുമാണ്. ദുഃശ്ശീലക്കാരൻ സമൂഹത്തിൽ ശ്വാസംമുട്ടിക്കുന്ന വിഷവായു പരത്തുന്നു. നമ്മിലുള്ള തിന്മയുടെ മുൾച്ചെടി ഉന്മൂലനം ചെയ്യാൻ നാളേയ്ക്കു നീട്ടുകയോ? അതു പാടില്ല. അപ്പപ്പോൾ ചെയ്യേണ്ട കാര്യം അപ്പപ്പോൾ തന്നെ ചെയ്യണം. എങ്കിൽ മാത്രമേ ജീവിതത്തിൽ വിജയം വരിക്കാൻ സാധിക്കുകയുള്ളൂ.

ഹൃദയത്തിൽ സ്നേഹം മാത്രം നിറച്ച് നമ്മെ അനുഗ്രഹിക്കാൻ കരങ്ങളുയർത്തി നിൽക്കുന്ന നല്ലതമ്പുരാന്റെ തിരുഹൃദയരൂപത്തിനുമുമ്പിൽ ഈ മാസത്തിലെ എല്ലാ ദിവസവും മുട്ടുകൾ മടക്കി "എന്നിലെ ഞാൻ മാറി നിന്നിലെ നീ വന്നു നിറയുവാനായി" പ്രാർത്ഥിച്ച് അന്നന്നു ചെയ്യേണ്ടത് അന്നന്നുതന്നെ ചെയ്ത് ഈശോയുടെ തിരുഹൃദയത്തിനനുരൂപരായ നന്മ നിറഞ്ഞ മക്കളാകാൻ, ദുഃശ്ശീലങ്ങൾ വളരാൻ അനുവദിക്കാതെ കയ്യോടെ പിഴുതെറിഞ്ഞ് മുന്നേറാൻ തിരുഹൃദയ നാഥൻ അനുഗ്രഹങ്ങൾ ചൊരിയട്ടെ എന്ന പ്രാർത്ഥനയോടെ, ഏവർക്കും തിരുഹൃദയതിരുനാൾ മംഗളങ്ങൾ നേർന്നുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
**ഫാ. ഡെയ്സൻ മുണ്ടോപുറം**

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്

# ഇടവക ചെറിയ തിരുനാൾ

## വി. അന്തോണീസിന്റെ തിരുനാൾ ജൂൺ 13ന്
## കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ







2024 ജൂൺ 6 വ്യാഴം – തിരുനാൾ കൊടികയറ്റം
രാവിലെ 6.30ന് : ഇടവക ദൈവാലയത്തിൽ
വൈകീട്ട് 6.30ന് : സെന്റ് ആന്റണീസ് കപ്പേളയിൽ


2024 ജൂൺ 6 മുതൽ 12 വരെ രാവിലെ 6.30ന്
ഇടവക ദേവാലയത്തിൽ തിരുനാളിന് ഒരുക്കമായി
വി. കുർബാന | നേർച്ച വിതരണം

2024 ജൂൺ 6 മുതൽ ജൂൺ 12 വരെ വൈകീട്ട് 6.30ന്
സെന്റ് ആന്റണീസ് കപ്പേളയിൽ
ലദ്ദീഞ്ഞ് | നൊവേന | നേർച്ച വിതരണം

**ജൂൺ 13 വ്യാഴം – തിരുനാൾ ദിനം**

രാവിലെ 6.30ന് ഇടവക ദൈലാവയത്തിൽ
ആഘോഷമായ തിരുനാൾ കുർബാനയും, സന്ദേശവും
തുടർന്ന് സെന്റ് ആന്റണീസ് കപ്പേളയിലേക്ക്
ബൈക്ക് റാലിയുടെ അകമ്പടിയോടെ
വി. അന്തോണീസിന്റെ തിരുശ്ശേഷിപ്പ് എഴുന്നെള്ളിപ്പ്

വൈകീട്ട് 6.30ന് സെന്റ് ആന്റണീസ് കപ്പേളയിൽ
ആരാധനയോടെ തിരുനാൾ വേസ്പര
കുഞ്ഞന്തോണിമാരുടെ പ്രസുദേന്തി വാഴ്ച
ആഘോഷമായ തിരുശേഷിപ്പ് പ്രയാണം
വർണ്ണമഴ | നേർച്ചഊട്ട് കിറ്റ് വിതരണം


സ്മരണാഞ്ജലി
12-ാം ചരമവാർഷികം
കല്ലച്ചൻമുറി പ്പൈലി
ജോർജ്ജ്
ജനനം
24 - 05 - 1945
മരണം
19 - 06 - 2012
കല്ലച്ചൻമുറി ഹൗസ്
ലോവർ ബസാർ, ചിറളയം, കുന്നംകുളം
സന്തപ്ത കുടുംബാംഗങ്ങൾ



## 19-ാം ചരമവാർഷികം
16 - 06 - 2024

വലിയവീട്ടിൽ
തോമ ഭാര്യ

# സിസിലി

ജനനം
01 – 01 – 1941

മരണം
16 – 06 – 2005

പ്രാർത്ഥനാശംസകളോടെ...
മക്കൾ : ഉഷ, ഗ്രേസി, ബാബു, വർഗ്ഗീസ് ഡോയി, സണ്ണി

## 25-ാം ചരമവാർഷികം
06-09-2024



പാലക്കൽ
കുരിയാക്കു

# ദേവസ്സി

കുന്നംകുളം

സന്തപ്ത കുടുംബാംഗങ്ങൾ

മരണം : 06-09-1999

# ഇടവക വാർത്തകൾ

**ജൂൺ 02 ഞായർ - വിശ്വാസപരിശീലന അദ്ധ്യയന വർഷാരംഭം & സ്നേഹോത്സവ പ്രവേശന ദിനം**

7.30 am : വിശ്വാസപരിശീലന അദ്ധ്യയന വർഷാരംഭം, സ്നേഹോത്സവ പ്രവേശനാരംഭം
(നേതൃത്വം : വിശ്വാസപരിശീലന അദ്ധ്യാപക സമിതി & സ്റ്റുഡൻസ് കൗൺസിൽ)

3.00 pm : പി.ടി.എ. പൊതുയോഗം
(നേതൃത്വം : പി.ടി.എ.)

**ജൂൺ 05 ബുധൻ - പരിസ്ഥിതി ദിനാചരണം**

7.30 am : വൃക്ഷത്തൈ വിതരണം
(നേതൃത്വം : കത്തോലിക്ക കോൺഗ്രസ്സ്)

7.45 am : പച്ചക്കറി വിത്ത് വിതരണം
(നേതൃത്വം : യൂത്ത് സി.എൽ.സി.)

**ജൂൺ 06 വ്യാഴം - ഇടവക ചെറിയ തിരുനാൾ കൊടികയറ്റം**

6.30 am : തിരുനാൾ ഒരുക്ക വി. കുർബാന, തിരുനാൾ കൊടികയറ്റം, നേർച്ച വിതരണം.

6.30 pm : വി. അന്തോണീസിന്റെ കപ്പേളയിൽ തിരുനാൾ കൊടികയറ്റത്തോടെ തിരുനാൾ ഒരുക്ക ശുശ്രൂഷ, ലദ്ദീഞ്ഞ്, നൊവേന, പരി. കുർബാനയുടെ വാഴ്വ്.

NB : ജൂൺ 6 മുതൽ 12 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ രാവിലെ 6.30ന് ദൈവാലയത്തിൽ തിരുനാൾ ഒരുക്ക വി. കുർബാനയും വൈകീട്ട് 6.30ന് കപ്പേളയിൽ ലദ്ദീഞ്ഞും, നൊവേനയും ഉണ്ടായിരിക്കും

**ജൂൺ 07 വെള്ളി - തിരുഹൃദയ തിരുനാൾ & പ്രാർത്ഥനാ ഗ്രൂപ്പ് ദിനം**

5.45 am : ആരാധനയോടെ തിരുഹൃദയ പ്രതിഷ്ഠ, തിരുഹൃദയ ലദ്ദീഞ്ഞ്, നൊവേന

6.30 am : കാഴ്ചസമർപ്പണം, തിരുനാൾ കുർബാന, സന്ദേശം, നേർച്ചവിതരണം, പതാകവന്ദനം, പ്രാർത്ഥനാഗ്രൂപ്പ് വാർഷിക പൊതുയോഗം, കുടുംബസംഗമം, സ്നേഹാദരം
(നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)

**ജൂൺ 08 ശനി - വിമലഹൃദയതിരുനാൾ & കാരുണ്യയാത്ര**

5.45 am : ആരാധനയോടെ വിമലഹൃദയ പ്രതിഷ്ഠ, മാതാവിന്റെ ലദ്ദീഞ്ഞ്, നൊവേന

6.30 am : തിരുനാൾ കുർബാന, സന്ദേശം, നേർച്ചവിതരണം, കാരുണ്യയാത്ര
(നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)

**ജൂൺ 09 ഞായർ - വിശ്വാസ പരിശിലന കുട്ടികൂട്ടായ്മ & സർഗ്ഗവേദി അദ്ധ്യയന വർഷാരംഭം "ഉണർവ്വ്" പരിശീലന കളരി**

| | |
|---|---|
| 7.30 am | : വിശ്വാസ പരിശിലന കുട്ടികൂട്ടായ്മ & സർഗ്ഗവേദി അദ്ധ്യയന വർഷാരംഭം |
| 10.30 am | : "ഉണർവ്വ്" പരിശീലന കളരി (നേതൃത്വം : സി.എൽ.സി.) |

**ജൂൺ 13 വ്യാഴം - ഇടവക ചെറിയ തിരുനാൾ - വി. അന്തോണീസ്**

| | |
|---|---|
| 6.00 am | : ആരാധന, ലദീഞ്ഞ്, നൊവേന |
| 6.30 am | : തിരുനാൾ കുർബാന, സന്ദേശം, കപ്പേളയിലേക്ക് ബൈക്ക് റാലിയോടെ തിരുശേഷിപ്പ് എഴുന്നെള്ളിപ്പ്. |
| 6.30 pm | : കപ്പേളയിൽ തിരുനാൾ വേസ്പര, കുഞ്ഞന്തോണിമാരുടെ പ്രസുദേന്തി വാഴ്ച, തിരുശേഷിപ്പ് പ്രയാണം, വർണ്ണമഴ, ഊട്ട്നേർച്ച കിറ്റ് വിതരണം. |

**ജൂൺ 14 വെള്ളി - ഒന്നാം വെള്ളിയാചരണം**

| | |
|---|---|
| 5.45 am | : ആരാധന, കരുണകൊന്ത |
| 6.30 am | : വി. കുർബാന, ലദീഞ്ഞ്, നൊവേന, നേർച്ചവിതരണം. |

**ജൂൺ 16 ഞായർ- "സാവിയോ" പരിശീലന കളരി**

| | |
|---|---|
| 10.30 am | : "സാവിയോ" പരിശീലന കളരി (നേതൃത്വം : അൾത്താരസംഘം) |

**ജൂൺ 21 വെള്ളി - രണ്ടാം വെള്ളിയാചരണം**

| | |
|---|---|
| 5.45 am | : ആരാധന, കരുണകൊന്ത |
| 6.30 am | : വി. കുർബാന, ലദീഞ്ഞ്, നൊവേന, നേർച്ചവിതരണം. |

**ജൂൺ 23 ഞായർ - വായനാദിനം, വിശ്വാസപരിശീലന ലൈബ്രറി & സ്മാർട്ട് ക്ലാസ്സ് അദ്ധ്യയന വർഷാരംഭം**

| | |
|---|---|
| 7.30 am | : വിശ്വാസപരിശീലന ലൈബ്രറി & സ്മാർട്ട് ക്ലാസ്സ്, അദ്ധ്യയന വർഷാരംഭം |
| 10.30 am | : "കടുകുമണി" പരിശീലന കളരി (നേതൃത്വം : തിരുബാലസഖ്യം) |

**ജൂൺ 28 വെള്ളി - മൂന്നാം വെള്ളിയാചരണം**

| | |
|---|---|
| 5.45 am | : ആരാധന, കരുണകൊന്ത |
| 6.30 am | : വി. കുർബാന, ലദീഞ്ഞ്, നൊവേന, നേർച്ചവിതരണം. |

**ജൂൺ 30 ഞായർ - തിരുഹൃദയ വണക്കമാസം കാലംകൂടൽ, ലഹരിവിരുദ്ധദിനം & ജൂബിലിയേറിൻസ് ഡേ**

| | |
|---|---|
| 5.45 am | : തിരുഹൃദയ വണക്കമാസം കാലംകൂടൽ |
| 6.00 am | : വി. കുർബാന, ജൂബിലിയേറിയൻസ് ഡേ ആചരണം (നേതൃത്വം : അൾത്താരസംഘം) |
| 10.30 am | : ഏയ്ഞ്ചൽസ് ഡേ – കുമ്പസാരം |
| 2.00 pm | : KCYM ദിനാചരണത്തിന് ഒരുക്കമായി കുടുംബകൂട്ടായ്മ കൾക്കായുള്ള ഫുട്ബോൾ ടൂർണ്ണമെന്റ് (നേതൃത്വം : കെ.സി.വൈ.എം.) |

**ജൂലൈ 1 തിങ്കൾ - വിശ്വാസ ദീപ്തി EXPO 2K24**

7.30 am : വിശ്വാസ ദീപ്തി EXPO ഉദ്ഘാടനം
(നേതൃത്വം : കെ.സി.വൈ.എം.)

**ജൂലൈ 2 ചൊവ്വ - ദുക്റാന കിറ്റ് വിതരണം & കപ്പേള, ലദ്ദീഞ്ഞ്, നൊവേന**

7.30 am : ദുക്റാന കിറ്റ് വിതരണം
(നേതൃത്വം : കെ.സി.വൈ.എം.)

6.30 pm : സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന

**ജൂലൈ 3 ബുധൻ - സെന്റ് തോമസ് ഡേ, കെസിവൈഎം ഡേ, പതാക വന്ദനം വാർഷികദിന പൊതുയോഗം, കുടുംബസംഗമം**

6.00 am : ആരാധന, ലദ്ദീഞ്ഞ്, നൊവേന

6.30 am : കാഴ്ചസമർപ്പണം, തിരുനാൾ കുർബാന, സന്ദേശം, നേർച്ചവിതരണം, കെ.സി.വൈ.എം. പതാക വന്ദനം, പാലയൂരിലേക്ക് വിശ്വാസ ബൈക്ക് റാലി
(നേതൃത്വം : കെ.സി.വൈ.എം.)

6.00 pm : കെസിവൈഎം വാർഷിക പൊതുയോഗം, കുടുംബസംഗമം, യുവദീപ്തി സപ്ലിമെന്റ് പ്രകാശനം, ആദരണീയം, സമ്മാനദാനം, കലാവിരുന്ന് & സ്നേഹവിരുന്ന്.
(നേതൃത്വം : കെ.സി.വൈ.എം.)

**ജൂലൈ 5 വെള്ളി - മാസാദ്യവെള്ളി, നാലാം വെള്ളിയാചരണം**

5.45 am : ആരാധന, കരുണകൊന്ത, തിരുഹൃദയത്തോടെ പരിഹാരജപം & തിരുഹൃദയ പ്രതിഷ്ഠ

6.30 am : വി.കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം

**ജൂലൈ 6 ശനി - കപ്പേള, ലദ്ദീഞ്ഞ് & നൊവേന**

6.30 pm : സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന

**ജൂൺ മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| ജൂൺ 02 ഞായർ | മേരിമാതാ കുടുംബകൂട്ടായ്മ |
| ജൂൺ 09 ഞായർ | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| ജൂൺ 16 ഞായർ | സെന്റ് ആന്റണി കുടുംബകൂട്ടായ്മ |
| ജൂൺ 23 ഞായർ | സെന്റ് തോമസ് കുടുംബകൂട്ടായ്മ |
| ജൂൺ 30 ഞായർ | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |

# അഭിനന്ദനങ്ങൾ

*SSLC Full A+*



**ALBIN A. SAJI**
S/o. Saji Antony & Beena Saji
Anthikkat House
Santhi Nagar, Kunnamkulam

*CBSE 10th Full A1*



**ANN ROSE C.F.**
D/o. C.M. Francis & Marry Princy
Cheeran House
Kakkad, Kunnamkulam

*+2 Full A+*



**SANDRA V.M.**
D/o V.J. Mickey & Riya Mickey
Vadukkoot House
Thrissur Road, Kunnamkulam.

*+2 Full A+*



**SANIYA V.M.**
D/o V.J. Mickey & Riya Mickey
Vadukkoot House
Thrissur Road, Kunnamkulam.


## Full A+, Full A1

**കരസ്ഥമാക്കിയ
ഇടവകയിലെ പ്രതിഭകൾക്ക്
ടച്ച്-മീയുടെയും, ഇടവകയുടേയും
അഭിനന്ദനങ്ങൾ...**




ആഘോഷമായ
ദിവ്യകാരുണ്യ
സ്വീകരണം
2024


HAPPY BIRTHDAY
Hannah Charles
09-06-2024
Caitlin Charles
05-06-2024
D/o. Charles & Mariya
Ellikkal House
Kizhoor
Kunnamkulam
Best Compliments From :
Vivin Paul, Ancy, Shajan, Shanitha, Roshan, Sariya, Rayhaan


24
ANNIVERSARY
25-06-2024
P.J. Tony
Seena Tony
Porathur Pallikunnath House
Kanippayyur - Kunnamkulam
Best Compliments From : AMITH TONY & ALAN TONY






**പി. എ. ലില്ലി**
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവർക്കും സുഖമെന്നു കരുതുന്നു. പുതിയൊരു അദ്ധ്യയന വർഷത്തിലേക്ക് നമ്മൾ കടക്കുകയാണ്. എല്ലാവരും പുതിയ ക്ലാസ്സിലേക്ക് പ്രവേശിക്കുന്ന അദ്ധ്യയന വർഷത്തിന്റെ ആരംഭം നമുക്ക് എപ്പോഴും സന്തോഷമുണ്ടാക്കുന്നതാണ്. പുതിയ ക്ലാസ്സ്, പുതിയ പുസ്തകങ്ങൾ, പുതിയ കൂട്ടുകാർ, പുതിയ അറിവുകൾ. നമ്മെത്തന്നെ സ്വയം പുതുക്കാനുള്ള അവസരമാണിത്. പോയ വർഷത്തിൽ നമുക്കുണ്ടായ കുറവുകൾ നികത്തി കൂടുതൽ മെച്ചപ്പെടാനുള്ള അവസരം. അതുപോലെ ദൈവത്തോട് കൂടുതൽ അടുക്കാനും ഭക്തിയിലും വിശ്വാസത്തിലും വളരാനും തീവ്രമായി പരിശ്രമിക്കാം.

ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ആരംഭം എന്ന വചനം എല്ലാവരും കേട്ടിട്ടുണ്ടല്ലോ. എല്ലാ അറിവിന്റെയും ആരംഭം ദൈവഭക്തിയാണ്. ഈ പുതിയ വർഷത്തിന്റെ ആരംഭവും ഭക്തിയോടെ ആയിരിക്കട്ടെ. വർഷാവസാനം വരേയും തുടർന്നുള്ള വർഷങ്ങളിലും ഭക്തിയും വിശ്വാസവും നമ്മിൽ ഉണ്ടാകട്ടെയെന്ന് ആശംസിച്ചുകൊള്ളുന്നു.

എല്ലാവർക്കും പുതിയ വർഷത്തിന്റെ ആശംസകൾ നേർന്നുകൊണ്ട്

സ്നേഹത്തോടെ,
ലില്ലിടീച്ചർ

# കെ.എൽ.എം. വാർഷികം



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ കെ.എൽ.എം. വാർഷികം സമുചിതമായി ആഘോഷിച്ചു. മെയ് 5ന് കൃതജ്ഞത ബലിക്ക് ശേഷം പതാക വന്ദനവും കുടുംബ സംഗമവും നടത്തി.

പൊതുസമ്മേളനം ഇടവക വികാരി ഫാ. ഡെയ്സൻ മുണ്ടോപുറത്തിന്റെ അദ്ധ്യക്ഷതയിൽ ബ്രദർ അജിത്ത് പുത്തൂർ ഉദ്ഘാടനം ചെയ്തു. കെ.എൽ.എം. പ്രസിഡന്റ് കെ.എൽ. ലോയ്ഡ് സ്വാഗതവും, സെക്രട്ടറി കെ.ടി. ബൈജു വാർഷിക റിപ്പോർട്ടും, ട്രഷറർ എം.ജെ. അഭിലാഷ് വാർഷിക കണക്കും അവതരിപ്പിച്ചു. മറ്റം ഫൊറോന കെ.എൽ.എം. പ്രസിഡന്റ് ഷാജു പുലിക്കോട്ടിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ചിറളയം ഹോളിചൈൽഡ് കോൺവെന്റ് സിസ്റ്റർ സുപ്പീരിയർ സിസ്റ്റർ ആൻജോസ്, ഇടവക കൈക്കാരൻ എം.എൽ. മാണി ഭക്തസംഘടന ഏകോപന സമിതി കൺവീനർ സി.ഒ. ആന്റണി എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

വാർഷികത്തോടനുബന്ധിച്ച് അംഗത്വ കാംപെയിനും, തൊഴിലാളികളെ ആദരിക്കലും, പാവപ്പെട്ട കുടുംബങ്ങൾക്ക് പച്ചക്കറി കിറ്റുകളും വിതരണം ചെയ്തു. വാർഷികത്തോടനുബന്ധിച്ച് കുടുംബകൂട്ടായ്മകൾക്കായി നടത്തിയ ഫുട്ബോൾ ഷൂട്ട്ഔട്ട് ടൂർണമെന്റിലെ വിജയികൾക്ക്, ട്രോഫികൾ നൽകി അനുമോദിച്ചു. വൈസ് പ്രസിഡന്റ് സി.എൻ. ഇമ്മാനുവേൽ നന്ദി പറഞ്ഞു. സ്നേഹവിരുന്നോടെ പൊതുസമ്മേളനം അവസാനിച്ചു.



## സഭാ വാർത്തകൾ

**കോരിച്ചൊരിയുന്ന മഴയെ തോല്പിച്ച ദിവ്യകാരുണ്യ പ്രദക്ഷിണം വാർത്തകളിൽ ഇടംപിടിക്കുന്നു**

വാഷിംഗ്ടൺ ഡി.സി : കോരിച്ചൊരിയുന്ന മഴയത്ത് പൊതുനിരത്തിൽ നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തിലും ആരാധനയിലും പങ്കെടുത്തവരുടെ വിശ്വാസ സാക്ഷ്യം ശ്രദ്ധേയമാകുന്നു. വാഷിംഗ്ടൺ ഡി.സിയിൽ കാത്തലിക് ഇൻഫർമേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന രണ്ടാമത് ദിവ്യകാരുണ്യ ഘോഷയാത്രയിലാണ് മഴയെ അവഗണിച്ച് വിശ്വാസികൾ പൊതുനിരത്തിൽ അണിനിരന്നത്. വിശ്വാസികളോടൊപ്പം നിരവധി വൈദികരും കന്യാസ്ത്രീകളും ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പങ്കുചേർന്നു. വിശ്വാസികളുടെ പങ്കാളിത്തവും വിശ്വാസദൃഢതയും ദിവ്യകാരുണ്യ പ്രദക്ഷിണത്തെ കൂടുതൽ ഭക്തിനിർ ഭരമാക്കിയതായി സിഐസി ഡയറക്ടർ ഫാ. ചാൾസ് ട്രൂലോൾസ് പറഞ്ഞു. സിഐസിയുടെ ചാപ്പലിൽ വിശുദ്ധ കുർബാനയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. ഇത്തരം ദിവ്യകാരുണ്യ പ്രദക്ഷിണങ്ങൾ രാജ്യത്ത് ധാരാളം ദൈവകൃപകൾ കൊണ്ടുവരുമെന്നായിരുന്നു അതിൽ പങ്കുചേർന്നവരുടെ വാക്കുകൾ.

**ആഴ്ചയിലൊരു ദിവസം സോഷ്യൽ മീഡിയ വേണ്ടെന്നുവച്ചുകൊണ്ട് ദണ്ഡവിമോചനം പ്രാപിക്കാൻ അവസരം**

2025 ജൂബിലി വർഷത്തോടനുബന്ധിച്ച് ആഴ്ചയിലൊരു ദിവസം സോഷ്യൽ മീഡിയ വേണ്ടെന്നുവച്ചുകൊണ്ട് ദണ്ഡവിമോചനം പ്രാപിക്കാൻ അവസരം. ജൂബിലി വർഷത്തിൽ ദണ്ഡവിമോചനം പ്രാപിക്കാനുള്ള മാർഗങ്ങളെക്കുറിച്ച് പുറപ്പെടുവിച്ച ഡിക്രിയിലാണ് വത്തിക്കാൻ ഇക്കാര്യം വ്യക്തമാക്കിയത്. റോമിലെ പ്രധാനനാല് പേപ്പൽ ബസിലിക്കകൾ, മറ്റ് തിരഞ്ഞെടുക്കപ്പെട്ട ദൈവാലയങ്ങൾ എന്നിവ സന്ദർശിച്ചുകൊണ്ട് ജൂബിലി വർഷത്തിൽ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണെന്ന് ഡിക്രിയിൽ പറയുന്നു.

കൂടാതെ ആത്മീയവും ശാരീരികവുമായ കരുണയുടെ പ്രവൃത്തികൾ ചെയ്തുകൊണ്ടും ജൂബിലി വർഷത്തിൽ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. തടവുകാരെ സന്ദർശിക്കുക, ഏകാന്തത അനുഭവിക്കുന്ന വൃദ്ധരോടൊപ്പം സമയം ചിലവഴിക്കുക, രോഗികളെയോ

വൈകല്യമുള്ളവരെയോ പരിചരിക്കുക, ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുക തുടങ്ങിയവ അവയിൽ ചിലതാണ്. കരുണയുടെ പ്രവൃത്തികൾ ചെയ്യുന്നതിലൂടെ ക്ലേശമനുഭവിക്കുന്നവരിൽ വസിക്കുന്ന ക്രിസ്തുവിലേക്ക് തീർത്ഥാടനം നടത്തുകയാണ് ചെയ്യുന്നതെന്ന് ഡിക്രിയിൽ പറയുന്നു.

**മണിപ്പൂരിൽ കുട്ടിക്കടത്തു സംഘങ്ങൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ട്**

ഇംഫാൽ: ഇനിയും സംഘർഷം അവസാനിച്ചിട്ടില്ലാത്ത മണിപ്പൂരിൽ വ്യാപകമായി കുട്ടികളെ കടത്തുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ട്. ബാലാവകാശ കമ്മീഷൻ തയാറാക്കിയ റിപ്പോർട്ടിലാണ്, സംരക്ഷകരെന്ന വ്യാജേന കുട്ടികളെ കടത്തിക്കൊണ്ടുപോകുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി സ്ഥിരീകരിച്ചിരിക്കുന്നത്. കുട്ടികൾ ലൈംഗികമായും ശാരീരികമായും ചൂഷണം ചെയ്യപ്പെടുന്നതായി കമ്മീഷൻ വെളിപ്പെടുത്തി. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന കുടിയൊഴിപ്പിക്കപ്പെട്ട ആളുകൾക്ക് രക്ഷകരായി എത്തുന്നവരാണ് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതെന്നും റിപ്പോർട്ടുകൾ പറയുന്നു.

**അൽഫോൻസിയൻ വർഷാചരണം ഉദ്ഘാടനം ചെയ്തു**

പാലാ : ഭരണങ്ങാനം അന്തർദേശീയ തീർത്ഥാടനകേന്ദ്രത്തിൽ നടന്ന അൽഫോൻസിയൻ ആത്മീയ വർഷവും കുട്ടികൾക്ക് ആദ്യാക്ഷരം കുറിക്കലും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. വിശുദ്ധ അൽഫോൻസാമ്മയുടെ കൂടെ ഒരു വർഷം ആയിരിക്കാനുള്ള അവസരമാണ് 'സ്ലീവാ' അൽഫോൻസിയൻ ആത്മീയവർഷ കർമപരിപാടികളിലൂടെ ഒരുക്കിയിരിക്കുന്നത്. അൽഫോൻസിയൻ ആത്മീയ വർഷത്തിന്റെ ലോഗോ പ്രകാശനം റായ്പുർ മുൻ ആർച്ചുബിഷപ് മാർ ജോസഫ് അഗസ്റ്റ്യൻ ചരണകുന്നേൽ പാലാ രൂപതാ വികാരി ജനറൽ മോൺ. ജോസഫ് തടത്തിലിന് നൽകി നിർവഹിച്ചു. രൂപത ചാൻസലർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ, പ്രൊക്യുറേറ്റർ റവ.ഡോ. ജോസഫ് മുത്തനാട്ട്, തീർഥാടനകേന്ദ്രം റെക്ടർ ഫാ. അഗസ്റ്റ്യൻ പാലയ്ക്കപ്പറമ്പിൽ, വികാരി ഫാ. സഖറിയാസ് ആലപ്പാട്ട്, ഫ്രാൻസിസ്കൻ ക്ലാരിസ് കോൺഗ്രിഗേഷൻ പ്രൊവിൻഷൽ സിസ്റ്റർ ജെസി മരിയ ഓലിക്കൽ, അസീസി ആശ്രമം സുപ്പീരിയർ ഫാ. മാർട്ടിൻ മാന്നാത്ത്, ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, വൈസ് റെക്ടർ ഫാ.ആന്റണി തോണക്കര എന്നിവർ പ്രസംഗിച്ചു.



*Who Ever eats my Flesh and Drinks*
*my blood lives in me and i live in him (John 6:56)*



# Solemn Holy Communion





## ALWIN LEON

S/o Leon George & Ani Leon
Thekkekara House
Vyssery, Kunnamkulam.

---

*Sharing Happiness*
*Lewin Leon & Maria Rose Leon*


SOLEMN HOLY COMMUNION
Ajaychris & Abhishek
S/o. Jaison. K.J. & Simi Jaison
Kolady House, Ayapatha Road, Kunnamkulam
Best Compliment - Amaldev K.J.


SOLEMN HOLY COMMUNION
Nadal Lolac
S/o. Lolac Varghese & Jisha Babu
Koithara House, Snehalayam 2nd Avenue, Kunnamkulam
Best compliments : Nydan



# വചനം ജീവിക്കാനുള്ള ഇന്ധനം

റീന ടീച്ചർ

മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത് (മത്തായി 4:4) ഈ വചനം ധ്യാനിച്ചപ്പോഴാണ് ദൈവവചനം ഒരു മനുഷ്യന് ഭക്ഷണത്തേക്കാൾ പ്രാധാന്യമുള്ളതാണെന്നും, അത് ഏതു പ്രതിസന്ധിയിലും ജീവിക്കാനുള്ള ഇന്ധനമാണെന്നും, വചനത്തിൽ ജീവിക്കാത്തവർക്ക് അന്ധൻ അന്ധനെ നയിക്കുമ്പോൾ ഇരുവരും കുഴിയിൽ വീഴുന്ന അവസ്ഥയിലൂടെ കടന്നുപോകേണ്ടിവരുമെന്നുമുള്ള യാഥാർത്ഥ്യം വെളിവായത്. കുരിശില്ലാതെ കിരീടമില്ല: ആ കുരിശിലേക്ക് നോക്കിയവർ പ്രകാശിതരായി; ആ ക്രൂശിതൻ അല്ലാതെ ആർക്കാണ് പൂർണമായി നമ്മെ ആശ്വസിപ്പിക്കാനോ സഹായിക്കാനോ സാധിക്കുക. ആകയാൽ നമുക്ക് പ്രത്യാശ നൽകുന്ന, ശക്തി നൽകുന്ന ഈ ബൈബിളിലെ ഓരോ വചനവും വിശ്വസിച്ച്, ദീർഘക്ഷമയോടെ ദൈവത്തിൽ ആശ്രയിച്ച് പ്രാർത്ഥിച്ച് കാത്തിരിക്കുമ്പോൾ, വചനം മാംസം ധരിച്ച് നമ്മുടെ ഭൗതിക ശരീരത്തോട് അനുരഞ്ജനപ്പെടുക വഴി നമ്മുടെ ആവശ്യങ്ങളെല്ലാം പൂർണാർത്ഥത്തിൽ ഫലം കാണുന്നു. അതിനാൽ വചനവായനയും പഠനവും നമ്മുടെ ജീവിതത്തിന്റെ ഭാഗമാകണം, ഭക്ഷണം വായു, ജലം എന്നിവപോലെ തന്നെ വചനം നമുക്ക് ഒഴിച്ചുനിർത്താൻ ആകാത്ത ഒന്നാണ്.

വചനം അനുസരിച്ച് ജീവിക്കുമ്പോൾ നമുക്ക് ലഭിക്കാനിരിക്കുന്ന യേശുവിന്റെ വാഗ്ദാനങ്ങൾ ശ്രദ്ധിക്കാം: ഞാൻ ആരുടെ വചനം പ്രകീർത്തിക്കുന്നുവോ ആ കർത്താവിൽ നിർഭയനായി ആശ്രയിക്കും: മർത്ത്യന് എന്നോട് എന്തുചെയ്യാൻ കഴിയും (സങ്കീ 56:11) ദൈവവചനം ആദരിക്കുന്നവർ ഉൽക്കർഷം നേടും; കർത്താവിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ (സുഭ 16:20) എന്റെ കൽപ്പനകൾ പാലിച്ചാൽ നീ ജീവിക്കും; എന്റെ ഉപദേശങ്ങൾ കൺമണിപോലെ കാത്തുകൊള്ളുക (സുഭാ 7:2) നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളത് ചോദിച്ചുകൊള്ളുക; നിങ്ങൾക്ക് ലഭിക്കും.

(യോഹ 15:7) നീ എന്റെ വചനം അനുസരിച്ചതുകൊണ്ട് നിന്റെ സന്ത തിയിലൂടെ ലോകജനതകളെല്ലാം അനുഗ്രഹിക്കപ്പെടും. (ഉൽപ്പ 22:18) നിങ്ങൾ വചനത്തിന് പ്രാധാന്യം കൊടുത്തു ജീവിക്കുമ്പോൾ ഞാൻ നിങ്ങളുടെ അടുത്തേക്ക് വന്നു നിങ്ങളെ അനുഗ്രഹിക്കും (പുറ 20:24) ലോകത്തിന്റെ ഉന്നത സ്ഥാനങ്ങളിലൂടെ നിന്നെ ഞാൻ സവാരി ചെയ്യിക്കും. (ഏശയ്യ 58:14) അങ്ങയിൽ ഹൃദയം അർപ്പിച്ചിരി ക്കുന്നവരെ അങ്ങ് സമാധാനത്തിന്റെ തികവിൽ സംരക്ഷിക്കുന്നു (ഏശയ്യ 26:31)

അവസാനമായി പ്രിയ സഹോദരരേ നമുക്ക് പറയാൻ കഴി യണം: കർത്താവാണ് എന്റെ ഇടയൻ എനിക്കൊന്നിനും കുറവുണ്ടാ വുകയില്ല. (സങ്കീ 23:1) അതിനാൽ കർത്താവിങ്കലേക്ക് തിരിയാൻ വൈകരുത് (പ്രഭാ 5:7) മാതാപിതാക്കൾക്കോ ഭർത്താവിനോ ഭാര്യക്കോ മക്കൾക്കോ ബന്ധുമിത്രാദികൾക്കോ മദ്യത്തിനോ ആർക്കും തന്നെ ശാശ്വതമായ സന്തോഷവും സമാധാനവും തരാൻ കഴിയുകയില്ല എന്ന് തിരിച്ചറിയുക. വചനമാകുന്ന യേശുവിനെ മുറു കെപിടിച്ച് "മനസ്സേ ശാന്തമാകുക എന്റെ ഉള്ളിൽ ഉള്ളവൻ എല്ലാം ചെയ്യാൻ ശക്തിയുള്ളവനാണ് പിന്നെ ഞാനെന്തിന് അസ്വസ്ഥനാ കണം" എന്ന ചിന്തയിൽ ജീവിക്കാൻ പരിശ്രമിക്കാം. അപ്പോൾ ആ പരിശുദ്ധാത്മ ശക്തി നിറയുകയും എല്ലാം ചെയ്യാൻ ശക്തി ലഭിക്കു കയും ചെയ്യും. പരസ്പരം ഭാരങ്ങൾ വഹിച്ചുകൊണ്ട് ക്രിസ്തു വിന്റെ നിയമം പൂർത്തിയാക്കുവിൻ (ഗലാ. 6:2)

അവസാനംവരെ സഹിച്ചു നിൽക്കുന്നവൻ രക്ഷപ്രാപിക്കും. നിന്റെ ജീവിതം കർത്താവിനെ ഭരമേൽപ്പിക്കുക. (സങ്കീ 37:5) എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും. (ഫിലി. 4:13) ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തിപ്രാപി ക്കും. (ഏശയ്യാ 40:13) ഈ വചനങ്ങൾ ഉരുവിട്ടുകൊണ്ട് യേശുവി ലുള്ള ആനന്ദത്താൽ നമ്മുടെ ഹൃദയത്തെ സന്തോഷിപ്പിക്കുക. അപ്പോൾ ഏതു കുരിശുകളും സഹിക്കാനും എന്തിനും മറ്റുള്ളവരെ ആശ്രയിക്കാതെ, പരാതിപ്പെടാതെ എല്ലാ സങ്കടാവസ്ഥയിലും ധൈര്യത്തോടെ മുന്നോട്ട് പോകാൻ നമുക്ക് ശക്തിലഭിക്കും. ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആർ നമുക്ക് എതിരെ നിൽക്കും. (റോമ 8:31) വിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നത് നമുക്കും ആവർ ത്തിക്കാം. ദുഃഖമോ ദുരിതമോ ക്ലേശമോ രോഗമോ എന്തും വന്നു കൊള്ളട്ടെ ഞാൻ യേശുവിൽ സന്തോഷിക്കും. ഒരിക്കൽ കൂടി ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ (കൊളോ 3:15) എന്ന് ആശംസിക്കുന്നു: പ്രാർത്ഥിക്കുന്നു.

# മേരി മാതാ കുടുംബകൂട്ടായ്മ വാർഷികം




മേരിമാതാ കുടുംബകൂട്ടായ്മ വാർഷികം ഏപ്രിൽ 28 ഞായറാഴ്ച പാരിഷ് ഹാളിൽ ചേർന്നു. പ്രസിഡന്റ് സുനിൽ വി.ജെ. യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. ഇടവക വികാരി റവ. ഫാ. ഡെയ്സൻ മുണ്ടോപുറം യോഗം ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ടോണി പി.ജെ. സ്വാഗതവും സെക്രട്ടറി അനു അഭിലാഷ് വാർഷിക റിപ്പോർട്ടും ട്രഷറർ വി.ജെ. മിക്കി വാർഷിക കണക്കുകൾ അവതരിപ്പിച്ചു.

ബാംഗ്ലൂർ ഇ.എസ്.ഐ. മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസിന് ഉന്നത വിജയം നേടി മേരിമാതാ യൂണിറ്റിന്റെ അഭിമാനമായി മാറിയ അനഘ ജിൻസന് യോഗത്തിൽ മൊമെന്റോ നൽകി ആദരിച്ചു. വികാരിയച്ചൻ ആരംഭിച്ച പൂവർ ഫണ്ടിലേക്ക് മേരിമാതാ യൂണിറ്റിന്റെ സംഭാവന പ്രസിഡന്റ് വി.ജെ. സുനിൽ കൈമാറി. ഹോളിചൈൽഡ് കോൺവെന്റ് സിസ്റ്റർ ജെസ്റ്റീന, സിസ്റ്റർ ഡെൽന, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ലിയോൺ ജോർജ്ജ്, ഇടവക കൈക്കാരനും സെന്റ് തോമസ് കുടുംബകൂട്ടായ്മ പ്രസിഡണ്ടുമായ പോയിസ് ജേബി, കൈക്കാരന്മാരായ എം.എൽ. മാണി, ജോപോൾ ആലപ്പാട്ട്, പി.ആർ.ഒ. വി.സി. ജോസി, പ്രതിനിധിയോഗം സെക്രട്ടറി തോംസൺ തച്ചിൽ, സെന്റ് ജോസഫ് കുടുംബകൂട്ടായ്മ പ്രതിനിധി ഇ.സി. രാജു, സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് വി.എ. ജോസ്, സെന്റ് സേവ്യർ കുടുംബകൂട്ടായ്മ പ്രസിഡണ്ട് എം.എൽ. സുനിൽ, ഭക്തസംഘടന ഏകോപന സമിതി കൺവീനർ സി.ഒ. ആന്റണി എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. യൂണിറ്റ് അംഗങ്ങളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. കലാപരിപാടികൾ അവതരിപ്പിച്ച എല്ലാവർക്കും സമ്മാനം നൽകി.

ജോയിന്റ് സെക്രട്ടറി രാജു ബി. ചുങ്കത്ത് യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. സ്നേഹവിരുന്നിന് ശേഷം യോഗം മംഗളമായി പിരിഞ്ഞു.

# പ്രതിനിധിയോഗ വാർത്തകൾ

1. ഏപ്രിൽ മാസത്തെ വരവ് ചെലവ് കണക്കും റിപ്പോർട്ടും വായിച്ച് പാസ്സാക്കി.
2. ഇടവകയുടെ ചെറിയ തിരുനാൾ നടത്തുന്നതിന്റെ രൂപരേഖ ജനറൽ കൺവീനർ വർഗ്ഗീസ് ആന്റണി ആലപ്പാട്ട് അവതരിപ്പിച്ചു. ചെറിയ തിരുനാൾ രൂപരേഖ യോഗം പാസ്സാക്കി.
3. പള്ളിയുടെ ഉടമസ്ഥതയിലുള്ള കടമുറി നിലവിലുള്ള വാടകക്കാർ ഒഴിയുന്നതിനാൽ പുതിയ വാടക്കാരെ കണ്ടെത്തുന്നതിന് തീരുമാനിച്ചു.
4. ഇടവകയുടെ അത്മായ പ്രേഷിത സമിതി കൺവീനർമാരായി തെക്കേക്കര ജോർജ്ജ് ലിയോൺ, ലില്ലി ആന്റണി എന്നിവരെ തെരഞ്ഞെടുത്തു.

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 09-06-2024 | 3.00 pm | സെന്റ് ജോസഫ് | ചിരിയങ്കണ്ടത്ത് ഡോ. പോൾ സി. റാഫേൽ (മുനിസിപ്പൽ ഓഫീസ് റോഡ്, കുന്നംകുളം) |
| 09-06-2024 | 4.00 pm | മേരി മാതാ | ചേറ്റുപുഴക്കാരൻ ഡോ. ജോൺ ജോസഫ് (ഡോ. സി.ജെ. ജോസ്, പോലീസ് ക്വാർട്ടേഴ്സിന് സമീപം) |
| 16-06-2024 | 3.00 pm | സെന്റ് ആന്റണീസ് | ചുങ്കത്ത് കൊച്ചാപ്പു ബാബു (കക്കാട്) |
| 16-06-2024 | 4.00 pm | സെന്റ് തോമസ് | കൂത്തൂര് കൊച്ചുണ്ണി മാത്യു (ചിറളയം - താഴത്തങ്ങാടി) |
| 23-06-2024 | 4.00 pm | സെന്റ് സേവ്യർ | കാറ്റാടി വത്സ തോമസ് (ചൈതന്യ സ്കൂളിന് സമീപം - കുറുക്കൻപാറ) |

## ഇടവക അത്മായ പ്രേഷിത സമിതി കൺവീനർമാർ



തെക്കേക്കര ലിയോൺ ജോർജ്ജ്



ചുങ്കത്ത് ലില്ലി ആന്റണി

# സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ വാർഷികം





സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ വാർഷികം മെയ് 19 ഞായറാഴ്ച വടക്കൂട്ട് ഞാറയിൽ ചാക്കുണ്ണി ജോസിയുടെ വസതിയിൽ സമുചിതമായി ആഘോഷിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ കുടുംബകൂട്ടായ്മ പ്രസിഡന്റ് സി.എം. സാംസൺ അദ്ധ്യക്ഷത വഹിച്ചു. ഇടവക വികാരി റവ. ഫാ. ഡെയ്സൻ മുണ്ടോപുറം യോഗം ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് പി.ആർ. സജി സ്വാഗതവും, സെക്രട്ടറി ചേതന സജി വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. കുടുംബകൂട്ടായ്മയുടെ ആനിമേറ്റർമാരായ ചിറളയം HCCGUP സ്കൂൾ ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ അൻസ ജോസ്, സിസ്റ്റർ ജെസ്റ്റീന, ഇടവക കൈക്കാരനും സെന്റ് തോമസ് കുടുംബകൂട്ടായ്മ പ്രസിഡന്റുമായ പോയിസ് ജേബി, ഭക്തസംഘടന ഏകോപന സമിതി കൺവീനർ സി.ഒ. ആന്റണി, പ്രതിനിധിയോഗം സെക്രട്ടറി തോംസൺ തച്ചിൽ, സെന്റ് സേവ്യർ കുടുംബകൂട്ടായ്മ പ്രസിഡന്റ് എം.എൽ. സുനിൽ, മേരിമാത കുടുംബകൂട്ടായ്മ പ്രസിഡണ്ട് വി.ജെ. സുനിൽ, സെന്റ് ജോസഫ് കുടുംബകൂട്ടായ്മ പ്രതിനിധി പേൾജു ബി. ചുങ്കത്ത് എന്നിവർ ആശംസകൾ നേർന്നു.

വാർഷിക ആഘോഷത്തോടനുബന്ധിച്ച് കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഇടവകയിലെ പൂവർ ഫണ്ടിലേക്ക് സംഭാവന നൽകി. വിവാഹത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന സജി-ജെസ്സി, ജൂനി-ജൂലി ദമ്പതികളേയും, 10-ാം ക്ലാസ്സ് സി.ബി.എസ്.ഇ. എക്സാമിൽ ഫുൾ എവൺ നേടിയ സി.എഫ്. ആൻറോസ് എന്നിവരേയും മൊമന്റോ നൽകി ആദരിച്ചു. യോഗത്തിൽ മുതിർന്ന അംഗങ്ങളുടേയും, കുട്ടികളുടേയും കലാപരിപാടികളും സമ്മാനദാനവും സ്നേഹവിരുന്നും ഉണ്ടായിരുന്നു. വാർഷിക ആഘോഷത്തിൽ വി.സി. ജോസി നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ വാർഷിക ആഘോഷങ്ങൾ സമാപിച്ചു.

# വഴിവിളക്ക്

## അപ്പസ്തോലന്മാർ

വി. തോമസ്

| | | |
|---|---|---|
| പേരിന്റെ അർത്ഥം | - | ഇരുപിറന്നവൻ |
| മറ്റുനാമങ്ങൾ | - | തോമാ, ദിദിമൂസ് |
| ഗോത്രം | - | യൂദാ |
| സ്വദേശം | - | യൂദയാ |
| ചിഹ്നം | - | വട്ടവും ശില്പിയുടെ അടയാളം കുന്തം |
| സുവിശേഷപ്രഘോഷണം | - | ഇന്ത്യ, പേർഷ്യ |
| ജീവിത സമർപ്പണം | - | മൈലാപൂരിൽ 72 ജൂലൈ 3ന് രക്തസാക്ഷിത്വം |
| ഓർമ്മദിനങ്ങൾ | - | ജൂലൈ 3 |

***സന്ദേശം***

ചില ആളുകൾ ദൈവം ഉണ്ടോ എന്ന് സംശയിക്കുന്നു. തോമാശ്ലീഹായും കർത്താവ് ഉയർത്തുവോ എന്ന് സംശയിച്ചയാളാണ്. എന്നാൽ ഈശോയെ കണ്ടതോടെ തന്റെ സംശയമെല്ലാം ഉപേക്ഷിച്ച് "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്നു വിളിച്ചുകൊണ്ട് ഉത്തമ വിശ്വാസിയായി മാറി. കർത്താവിനോടൊപ്പം കല്ലേറുകൊണ്ട് മരിക്കാൻ അദ്ദേഹം തയ്യാറായി. സത്യം പ്രസംഗിച്ചുകൊണ്ട് ഇന്ത്യയിലെത്തി. ഈശോയുടെ രക്തസാക്ഷിയായി മരിച്ച തോമാശ്ലീഹായ്ക്ക് ലഭിച്ച മിശിഹാനുഭവം ഉൾക്കൊണ്ട് നമുക്കും ഈശോയുടെ പ്രേഷിതരാകാം. തോമാശ്ലീഹാ പകർന്നുതന്ന വിശ്വാസചൈതന്യം നമുക്ക് പങ്കുവെയ്ക്കാം.

തയ്യാറാക്കിയത്
കുടുംബകൂട്ടായ്മ കേന്ദ്രസമിതി
കുന്നംകുളം



### അനുമോദനങ്ങൾ

ഏപ്രിൽ മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത

**കോലാടി ജെയ്സൻ അമൽദേവിന്**

***ഇടവകയുടേയും ടച്ച്മീയുടേയും
അനുമോദനങ്ങൾ***

*ജൂനിയർ സി.എൽ.സി. പംക്തി*



# പരിശുദ്ധ അമ്മ

അലോന ബാബു

ദൈവമാതാവ് ദൈവം തന്റെ പുത്രന് മാതാവായി തിരഞ്ഞെടുത്ത കളങ്കമറ്റ കന്യകയാണ്. "ദൈവകൃപ നിറഞ്ഞവളേ സ്വസ്തി. കർത്താവു നിന്നോടുകൂടെ" എന്ന ദൈവദൂതനാൽ അഭിസംബോധന ചെയ്യപ്പെട്ട കന്യകാമറിയത്തെ ദൈവം തിരഞ്ഞെടുത്ത് തന്റെ ഏകപുത്രന്റെ അമ്മയാകുവാനാണ്. കാൽവരിയിലെ കുരിശിൽ കിടന്നുകൊണ്ട് കഠോര പീഡകൾ സഹിച്ച് മരിക്കാൻ പോകുന്ന സമയത്താണ് ഈശോ തന്റെ മാതാവിനെ ലോകത്തിന് മുഴുവൻ അമ്മയായി നൽകിയത്. മരിയ ഭക്തിയുടെ ഉറവിടും കാൽവരിയിലെ കുരിശിൻ ചുവടിലാണ് എന്ന് പറയാം. ഒരു ശിശുവിനെപോലെ വിശ്വാസത്തോടും ശരണത്തോടും കൂടി ഏത് അവസരങ്ങളിലും നമുക്ക് മാതാവിനെ സമീപിക്കാം. പാപരഹിതമായ ജീവിതം നയിക്കുവാനും സാത്താൻ പരീക്ഷകളെ ജയിക്കാനും ദൈവമാതൃഭക്തി ഉത്തമ സഹായമാണ്. യഥാർത്ഥ മരിയഭക്തി ഈശോയെ കൂടുതൽ അറിയാവുനും സ്നേഹിക്കുവാനും നമ്മെ സഹായിക്കും. ദൈവത്തിന്റെ തിരുവിഷ്ടം പൂർണ്ണമായി നിറവേറ്റുവാൻ ആത്മാർത്ഥമായി പരിശ്രമിച്ച് കർത്താവിന്റെ കല്ലറവരെ അവിടുത്തെ അനുഗമിച്ചവളാണ് നമ്മുടെ അമ്മ. പിതാവിന്റെ ഇഷ്ടം നിറവേറ്റിയ ഈശോയെ സ്വജീവിതത്തിലൂടെ പ്രകാശിപ്പിച്ച പരി. അമ്മ നമുക്ക് ഉത്തമ മാതൃകയാണ്. ത്രിയേകദൈവം കഴിഞ്ഞാൽ ഏറ്റവും അടുത്ത സ്ഥാനം അലങ്കരിക്കുന്നത് പരിശുദ്ധ കന്യകാ മറിയമാണ്. അതിനാൽ പരി. കത്തോലിക്ക സഭ പ്രാർത്ഥനകളിൽ കന്യകാമറിയത്തിനു പ്രത്യേക സ്ഥാനം നൽകുന്നു.

അമ്മയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ ശ്രമിക്കുമ്പോൾ നാം യേശുവിലേക്കാണ് ചെന്നെത്തുന്നത്. ലോക രക്ഷിതാവിന്റെ അമ്മയായ പരി. കന്യക മറിയത്തെ വണങ്ങുകയും ബഹുമാനിക്കുകയും ചെയ്യുകവഴി നാം യേശുവിലേക്ക് അടുക്കുകയാണ്. ആ അമ്മയോടു മാദ്ധ്യസ്ഥ്യം യാചിച്ച് പ്രാർത്ഥിക്കുന്നതു വഴി. അയോഗ്യരായ നാം നമുക്കാവശ്യമായ ദൈവകൃപ നേടിയെടുക്കുകയാണ് ചെയ്യുന്നത്. അതിനാൽ തന്നെ നമുക്കെല്ലാവർക്കും പരിശുദ്ധ അമ്മയോട് മാദ്ധ്യസ്ഥം യാചിച്ച് പ്രാർത്ഥിക്കാം.

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക


# ഭക്തസംഘടന ഏകോപനസമിതി എക്സിക്യൂട്ടീവ്

*ചെയർമാൻ*



**ഫാ. ഡെയ്സൺ മുണ്ടോപുറം**

*വൈസ് ചെയർമാൻമാർ*



**എം.എൽ. മാണി**




**ജോപോൾ വി. ആലപ്പാട്ട്**




**പോയിസ് ജേബി**

*കൺവീനർ*




**സി.ഒ. ആന്റണി**

*സെക്രട്ടറി*



**ഷോബി റോണാൾഡ്**

*ട്രഷറർ*



**വി.സി. ജോസി**

*ഇന്റേണൽ ഓഡിറ്റേഴ്സ്*

**ജോപോൾ വി. ആലപ്പാട്ട് | പി.എ. ലില്ലി**

*എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ*

**തോംസൺ തച്ചിൽ** (പ്രതിനിധിയോഗം സെക്രട്ടറി) | **കെ.എൽ. ലോയ്ഡ്** (നോമിനേറ്റഡ് മെമ്പർ) | **ജാൻസി ആന്റോ** (നോമിനേറ്റഡ് മെമ്പർ)

*NB : ഇടവക ഭക്തസംഘടന ഏകോപനസമിതി ജനറൽബോഡിയിൽ 12 സംഘടന പ്രസിഡണ്ടുമാരും, 10 സമിതി കൺവീനർമാരും അംഗങ്ങളായിരിക്കും*



## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

# സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ വാർഷികം

**2024 ജൂൺ 16 ഞായർ വൈകീട്ട് 6 മണിക്ക്**
**സെഹിയോൻ ശാലയിൽ** (ഇടവക പാരിഷ് ഹാൾ)

ഉദ്ഘാടനം : **റവ. ഫാ. ഡെയ്സൻ മുണ്ടോപുറം** (ഇടവക വികാരി)

**കലാപരിപാടികൾ | സമ്മാനദാനം | സ്നേഹവിരുന്ന്**

പ്രസിഡണ്ട് **വി.എ. ജോസ്** | സെക്രട്ടറി **ഷോബി റൊണാൾഡ്** | ട്രഷറർ **പി.എ. ലില്ലി**







# Solemn Holy Communion



## Nehal John & Jewel Mariyam

Poise Jabee & Babitha
Chiramel House, Chiralayam
Kunnamkulam

**Best Compliments From : Nevan Joseph**



*Who Ever eats my Flesh and Drinks my blood lives in me and I live in him (John 6:56)*

# Solemn Holy Communion



## ABLE ROSE C.S.

D/o. Shaju C.F. & Reena Shaju
Chungath House, Kakkad

*Best Compliments From :* ***Twinkle Rose C S***

# Solemn Holy Communion



## Annie Varghese

**D/o Johny & Mini**
**Kuzhippallil House, Kizhoor, Kunnamkulam**

*Best compliments : Alphy*



# അനുഗ്രഹത്തിന്റെ അരുവികൾ

**സിസ്റ്റർ അൻസ ജോസ് CMC**

കാട്ടിൽ ഒരു വൃക്ഷത്തിന് ചുവട്ടിൽ ഒരു സന്യാസി താമസിച്ചിരുന്നു. ധ്യാനനിർലീനനായിരുന്ന ആ സന്യാസിയെ ആ വഴി എല്ലാ ദിവസവും കടന്നുപോയിരുന്ന ഒരു മരം വെട്ടുകാരൻ വന്ദിച്ചിരുന്നു. ഒരു ദിവസം സന്യാസി മരംവെട്ടുകാരനോട് പറഞ്ഞു, എല്ലാ ദിവസവും മരം വെട്ടിയാണല്ലോ ജീവിക്കുന്നത്, എന്നിട്ടും നിങ്ങൾക്ക് ബുദ്ധിമുട്ട് മാത്രം ബാക്കി. നിങ്ങൾ ഒരു മണ്ടൻ തന്നെ. ജീവിതം ഇങ്ങനെ പാഴാക്കരുത്. അല്പം കൂടി മുന്നോട്ട് പോവുക. അവിടെ ഒരു ചെമ്പ്ഖനി നിങ്ങൾ കണ്ടെത്തും. ഒരു ദിവസം ജോലി ചെയ്താൽ മതിയാകും. അത് ഏഴു ദിവസം നിങ്ങളുടെ കുടുംബത്തെ സംരക്ഷിക്കാൻ ആവശ്യമുള്ളതിലും അധികമായിരിക്കും. സന്യാസി പറഞ്ഞതനുസരിച്ച് അയാൾ ചെമ്പുഖനി കണ്ടെത്തി. അവൻ സന്തോഷവാനാകുകയും ജോലി ആഴ്ചയിൽ ഒരു ദിവസമായി കുറയ്ക്കുകയും ചെയ്തു. ജീവിതത്തിൽ കൂടുതൽ വിശ്രമവും ആഹ്ലാദവുമുണ്ടായി.

വീണ്ടും ഒരു ദിവസം സന്യാസി മരംവെട്ടുകാരനോട് പറഞ്ഞു. നിങ്ങൾ ഇപ്പോഴും ഒരു മണ്ടൻ തന്നെ. അല്പംകൂടി മുന്നോട്ടു പോയാൽ നിങ്ങൾ ഒരു വെള്ളിഖനി കണ്ടെത്തും. അപ്പോൾ നിങ്ങൾക്ക് ഒരു ദിവസത്തെ ജോലികൊണ്ട് ആറുമാസം ആഡംബരമായി അടിച്ചുപൊളിക്കാം. ആ മനുഷ്യൻ വെള്ളി ഖനി കണ്ടെത്തുകയും സന്യാസി പറഞ്ഞതുപോലെ ജീവിക്കുകയും ചെയ്തു.

വീണ്ടും ഒരു ദിവസം സന്യാസി മരം വെട്ടുകാരനോട് പറഞ്ഞു, നിങ്ങൾ ഒരു മണ്ടൻതന്നെ. അല്പംകൂടി മുന്നോട്ട് പോയാൽ നിങ്ങൾ ഒരു സ്വർണ്ണഖനി കണ്ടെത്തും, അയാൾ വലിയ ധനാഢ്യനായിത്തീർന്നു. വർഷങ്ങളോളം പിന്നീട് സന്യാസിയുടെ മുന്നിലൂടെ കടന്നുപോകേണ്ടതായി വന്നില്ല.

ഒരു ദിവസം സന്യാസി ആ മരം വെട്ടുകാരന് ഒരു സന്ദേശം അയച്ചുകൊടുത്തു. ഞാൻ മരിക്കാറായിരിക്കുന്നു. അതിനുമുമ്പ് എനിക്ക് നിങ്ങളോട് അവസാനത്തെ രഹസ്യം വെളിപ്പെടുത്തുവാനുണ്ട്. അവൻ ചിന്തിച്ചു. ഇനി എന്ത് രഹസ്യമായിരിക്കും വെളിപ്പെടുത്തികിട്ടുവാൻ പോകുന്നത്? സ്വർണ്ണത്തേക്കാൾ വിലപിടിപ്പുള്ള വല്ല വജ്രത്തെക്കുറിച്ച് പറയാനായിരിക്കുമോ? എന്ന് അദ്ദേഹം ചിന്തിച്ചു. എന്തായാലും അവൻ സന്യാസിയുടെ അടുത്ത് ചെന്നു. സന്യാസി അവനോട് പറഞ്ഞു. ഈ ഖനികളെല്ലാം ക്ഷയിച്ചുപോകും. നിങ്ങൾ

അല്പംകൂടി മുന്നോട്ട് പോകണം. അവിടെ അക്ഷയമായ നിധി കണ്ടെത്തും. അത് നിങ്ങളെ സമ്പൂർണ്ണ തൃപ്തനാക്കും. മരംവെട്ടുകാരാൻ സന്യാസിയോട് പറഞ്ഞു, ഇപ്പോൾ തന്നെ ഞാൻ പൂർണ്ണമായും സന്തോഷവാനാണ്. ഇനി എവിടെപോയി എന്ത് കണ്ടുപിടിക്കണമെന്നാണ് നിങ്ങൾ പറയുന്നത്? സന്യാസി പറഞ്ഞു. നിങ്ങൾ അല്പം കൂടി മുന്നോട്ട് പോകണം എന്നതിനർത്ഥം നിങ്ങളുടെ ഉള്ളിലേക്ക് കടക്കണം എന്നാണ്. നിങ്ങളെത്തന്നെ കണ്ടെത്തണം. അതായത് നിങ്ങളുടെ യഥാർത്ഥ സത്തയെ കണ്ടെത്തണം. അതാണ് അക്ഷയമായ നിധി. എന്നാൽ മരം വെട്ടുകാരൻ അതുമനസ്സിലാക്കാതെ പൊട്ടിചിരിച്ചു.

മരംവെട്ടുകാരൻ വൃദ്ധനായി. അല്പംകൂടി മുന്നോട്ടുപോകുവാനുള്ള അയാളുടെ ആഗ്രഹം വർദ്ധിച്ചുവന്നു. ഒരു മരച്ചുവട്ടിൽ കണ്ണുകൾ അടച്ച് നിശബ്ദനായി, നിശ്ചലനായി, ധ്യാന നിർലീനനായി അയാൾ ഇരുന്നു. അയാൾ തന്റെ ഉള്ളിന്റെ ഉള്ളിലേക്ക് ആഴ്ന്നിറങ്ങാൻ തുടങ്ങി. അയാൾ തന്റെ ഉള്ളിൽ പരമമായ സത്തയെ കണ്ടെത്തി. ആ അക്ഷയമായ നിധി അത്രയ്ക്ക് ദീപ്തമായ ശാന്തിയായിരുന്നു. അതെ, നാം ഈ ലോകത്തിലെ സന്തോഷങ്ങൾക്കപ്പുറം കടന്ന് നമ്മുടെ ആന്തരിക സത്ത കണ്ടെത്തിയാൽ മാത്രമേ യഥാർത്ഥമായ പരമാനന്ദം ആസ്വദിക്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ എന്ന് മരംവെട്ടുകാരന്റെ കഥ നമ്മെ പഠിപ്പിക്കുന്നു.

ഈശോ പറയുന്നു: " ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നത് പോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ 7:37) വിശ്വാസത്തോടെ ദാഹാർത്തഹൃദയവുമായി ദൈവത്തെ സമീപിക്കുന്നവർക്ക് ഈശോയെ സ്നേഹിച്ച് സംതൃപ്തിയടയാനുള്ള കൃപ അവിടുന്ന് നൽകും.

സ്വർണ്ണമോ വെള്ളിയോ അല്ല നമ്മെ സംതൃപ്തരാക്കേണ്ടത്. വിശുദ്ധ ഇഗ്നേഷ്യസ് ലയോള പറയുന്നു; ഈശോയെ എന്റെ ജീവിത്തിലെ പ്രധാനപ്പെട്ട വ്യക്തിയാക്കുക. മാത്രമല്ല ഈശോയെ എന്റെ ആത്മമിത്രം ആക്കുക. ഈശോയെ എന്റെ സർവ്വസ്വവും ആക്കുക. അപ്പോൾ ജീവിതം സമ്മാനിക്കുന്ന സങ്കടങ്ങളും ദുഃഖങ്ങളും യേശു തരുന്ന തിരുമുറിവുകളായി കരുതുവാൻ നമുക്ക് കഴിയും. ഈശോയുടെ തിരുഹൃദയത്തണലിൽ ഇരുന്ന് അനുഗ്രഹത്തിന്റെ അരുവികൾ നമ്മുടെ ഹൃദയത്തിലേക്ക് ഏറ്റുവാങ്ങാം. നമുക്ക് പ്രാർത്ഥിക്കാം. 'സ്നേഹത്താൽ കത്തി എരിയുന്ന ഈശോയുടെ തിരുഹൃദയമേ എന്റെ ഹൃദയം അങ്ങേ ഹൃദയം പോലെയാക്കണേ.'



# ഹൃദയം ഹൃദയത്തോട്

സിസ്റ്റർ ജെസ്റ്റിന CMC

പട്ടാളക്കാരന്റെ കാർക്കശ്യമുണ്ടെങ്കിലും പേരക്കുട്ടികളായ ഞങ്ങളോട് വാത്സല്യമുള്ള അപ്പാപ്പൻ എന്റെ ചെറുപ്രായത്തിൽ പറഞ്ഞുതന്ന കഥയോർക്കുന്നു. ഇല്ലിക്കുന്ന് എന്ന രാജ്യത്തെ രാജാവ് ഗോപാലകുമാരൻ തന്റെ പ്രജകളോട് ആജ്ഞാപിച്ചു ഓരോ വീട്ടിൽനിന്നും തനിക്കായി എന്തെങ്കിലും കാഴ്ചകൊണ്ടുവരണം എന്ന്. കൊണ്ടുവരുന്ന കാണിക്കയിൽ നിന്ന് തനിക്ക് ഇഷ്ടപ്പെട്ട സമ്മാനത്തിന് പ്രതിഫലം നൽകുന്നതും ആയിരിക്കും.

എല്ലാവരും രാജാവിന് സമ്മാനം നൽകുന്നതിനുവേണ്ടി തീക്ഷ്ണതയോടെ ഒരുങ്ങുമ്പോൾ, ദരിദ്രമായ വീട്ടിലെ അപ്പു എന്ന ബാലൻ തന്റെ വീട്ടിൽ ഉണ്ടായ ഒരു വലിയ പേരക്കയുമായി കൊട്ടാരത്തിലേക്ക് യാത്രയായി. കൊട്ടാരത്തിന്റെ പ്രധാന കവാടത്തിന് അടുത്തെത്തിയപ്പോൾ കൊട്ടാരത്തിന്റെ മുകളിൽ നിന്ന് അമ്മ റാണി അപ്പുവിന്റെ കൈയിലെ പേരക്ക കണ്ടു. വലുപ്പം ഉണ്ടെങ്കിലും ഒരു ഭാഗം കേടുവന്നതാണെന്ന് മനസ്സിലാക്കിയ അമ്മറാണി ഭടനെ വിട്ട് അപ്പുവിനോട് അമ്മ റാണിയുടെ അടുത്ത് എത്താൻ പറഞ്ഞു. അപ്പു അവന്റെ കൈയിൽ നിന്ന് ആ പേരക്കായ വാങ്ങി കേടുള്ള ഭാഗം ചെത്തിക്കളഞ്ഞ് വളരെ മനോഹരമായി നല്ലൊരു സ്വർണതാലത്തിൽ അതുവച്ചു. എന്നിട്ട് അത് അപ്പുവിനെ തിരിച്ചേൽപ്പിച്ചതിനുശേഷം രാജാവിന് സമർപ്പിക്കാൻ പറഞ്ഞു. പേരക്കായ മുറിച്ചവിധം കണ്ടപ്പോഴും തളിക പാത്രം കണ്ടപ്പോഴും അമ്മറാണി സമ്മാനത്തിനായി അപ്പുവിനെ സഹായിച്ചു എന്ന് മഹാരാജാവിന് മനസ്സിലായി. തന്റെ ജീവിതത്തിൽ താൻ ഏറെ സ്നേഹിക്കുന്ന അമ്മ റാണി ഒരുക്കിയ സമ്മാനം അപ്പുവിന്റെ ആണെന്നും ആ സമ്മാനം ഏറ്റവും വിലമതിക്കാനാവാത്ത സമ്മാനമായി മഹാരാജാവ് പരിഗണിച്ച് അവന് വിലപിടിപ്പുള്ള സമ്മാനങ്ങൾ നൽകി. ഈശോയുടെ തിരുഹൃദയത്തെയും മാതാവിന്റെ വിമല ഹൃദയത്തെയും അടുത്ത് അനുകരിക്കാൻ ഒരുങ്ങുന്ന ഈ ജൂൺ മാസത്തിൽ മലിനമായ ഹൃദയവുമായി ഈശോയുടെ അടുക്കൽ എത്താൻ മടിക്കുന്ന നമുക്ക് പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിലൂടെ ഈശോയുടെ തിരുഹൃദയത്തിലേക്ക് പ്രവേശിക്കാം. ബലഹീനത നിറഞ്ഞ ഹൃദയവുമായി പരിശുദ്ധ അമ്മയുടെ അടുത്ത് എത്തുന്ന ഓരോ മക്കളെയും അമ്മ ചേർത്തുപിടിച്ചുകൊണ്ട് പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിന്റെ പരിശുദ്ധി നൽകും.

വിശുദ്ധ കുർബാനയുടെ തിരുനാൾ കഴിഞ്ഞ് എട്ടാം ദിവസം വെള്ളിയാഴ്ച ഈശോയുടെ തിരുഹൃദയത്തിരുനാൾ കൊണ്ടാടുന്നു. തിരുഹൃദയ തിരുനാളിന്റെ പിറ്റേദിവസം വിമല ഹൃദയതിരുനാൾ ആഘോഷിക്കുന്നു. ഈശോയുടെ തിരുഹൃദയവും മറിയത്തിന്റെ വിമല ഹൃദയവും രക്ഷകന്റെ രക്ഷാകര സ്നേഹവും മറിയത്തിന്റെ സ്നേഹവും വെളിപ്പെടുത്തുന്നു. ഈശോതന്നെയാണ് തിരുഹൃദയ തിരുനാൾ ആഘോഷിക്കണമെന്ന് വിശുദ്ധ മർഗ്ഗരീത്ത മറിയം അലക്കോക്കിനോട് പറഞ്ഞത്. 1916ൽ ദൈവദൂതൻ ഫാത്തിമയിലെ ലൂസി, ജസീന്ത, ഫ്രാൻസീസ് എന്നിവർക്ക് പ്രത്യക്ഷപ്പെട്ട് പറഞ്ഞു. ഈശോയുടെ തിരുഹൃദയവും മാതാവിന്റെ വിമല ഹൃദയവും നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകും. ഈശോയുടെ തിരുഹൃദയത്തിന്റേയും മറിയത്തിന്റെ വിമല ഹൃദയത്തിന്റേയും അനന്തയോഗ്യതകളാൽ പാപികൾ മാനസാന്തരത്തിലേക്ക് നയിക്കപ്പെടും. നമുക്കും നമ്മുടെ ഹൃദയങ്ങളെ ഈ ഹൃദയങ്ങളോട് ചേർത്തുവച്ചുകൊണ്ട് പരിശുദ്ധിയാൽ നിറയ്ക്കണമേ എന്ന് പ്രാർത്ഥിക്കാം.


## കത്തോലിക്ക കോൺഗ്രസ്സ് കുന്നംകുളം യൂണിറ്റ് ഭാരവാഹികൾ

*ഡയറക്ടർ*




**ഫാ. ഡെയ്സൺ മുണ്ടോപുറം**

*പ്രസിഡണ്ട്*



**സി.ഒ. ആന്റണി**

*സെക്രട്ടറി*



**വി.ജെ. സുനിൽ**

*ട്രഷറർ*



**എം.എൽ. സുനിൽ**

*വൈസ് പ്രസിഡണ്ട്*



ഫ്ളോറൻസ് ലോയ്ഡ്

*വൈസ് പ്രസിഡണ്ട്*



പി.ജെ. ടോണി

*ജോ. സെക്രട്ടറി*




ഷോബി റൊണാൾഡ്

*ജോ. സെക്രട്ടറി*



എം.ആർ. ആന്റോ

*രൂപത കൗൺസിലർ*




എൻ.ജെ. ജെയ്മോൻ

*രൂപത കൗൺസിലർ*



ലില്ലി ആന്റണി

# SOLEMN HOLY COMMUNION









## Abin C.S. & Abina C.S.

Sibi C. Varghese & Simy Sibi
Chungath House
Kunnamkulam

*Best Compliment :*
*Appappa,*
*Ammama,*
*Nayana*







# Solemn Holy Communion





## Adheena James

D/o. James K.P. & Sheeja James
Kunnekkadan Hourse
Yordhanapuram P.O., Pothiyakkara
Kalady, Ernakulam Dist.

*Best wishes : Ajna James*

## മിഴിവിളക്ക്

# മാർപാപ്പമാർ

**7-ാം നൂറ്റാണ്ട്**

| | | |
|---|---|---|
| 66. | സബീനിയാനസ് | (604-606) |
| 67. | ബോനിഫസ് III | (607-607) |
| 68. | വി. ബോനിഫസ് IV | (608-615) |
| 69. | ദേയൂസ് ദേദിത്തസ് | (615-618) |
| 70. | ബോനിഫസ് V | (619-625) |
| 71. | ഒണോരിയസ് I | (625-638) |
| 72. | സെവദിനസ് | (640-640) |
| 73. | ജോൺ IV | (640-642) |
| 74. | തെയഡോർ I | (642-649) |
| 75. | വി. മാർട്ടിൻ I | (649-655) |
| 76. | വി. എവുജിൻ I | (654-657) |
| 77. | വി. വിറ്റാലിയൻ | (657-672) |
| 78. | വി. അദെയോദാത്തസ് II | (672-676) |
| 79. | ഡോണസ് I | (676-678) |
| 80. | വി. അഗാത്തോനസ് | (678-681) |
| 81. | വി. ലെയോ II | (682-683) |
| 82. | വി. ബെനഡിക്ട് II | (684-685) |
| 83. | വി. ജോൺ V | (685-986) |
| 84. | കോനോനസ് | (686-687) |
| 85. | വി. സേർജിയസ് I | (687-701) |

**8-ാം നൂറ്റാണ്ട്**

| | | |
|---|---|---|
| 86. | ജോൺ VI | (701-705) |
| 87. | ജോൺ VII | (705-707) |
| 88. | സിസിന്നിയാസ് | (708-708) |
| 89. | കോൺസ്റ്റന്റെൻ | (708-715) |
| 90. | വി. ഗ്രിഗറി II | (715-731) |
| 91. | വി. ഗ്രിഗറി III | (731-741) |
| 92. | വി. സഖറിയാസ് | (741-752) |
| 93. | സ്റ്റീഫൻ III | (752-752) |
| 94. | വി. പോൾ I | (757-767) |
| 95. | സ്റ്റീഫൻ IV | (768-772) |
| 96. | ഹഡ്രിയാൻ I | (772-775) |

***വിചിന്തനം :*** പുരോഹിതൻ യഥാർത്ഥ ക്രിസ്തുശിഷ്യനാകണം. വഴി ചൂണ്ടികാണിക്കുക, സത്യം ഏറ്റുപറയുക, ജീവൻ പകരുക, രക്ഷയിലേക്ക് തീർത്ഥാടനം ചെയ്യുക, പാഥേയ ശക്തി തുണയാക്കു, ദൈവ വചനത്തിന് കാതോർക്കുക, യേശു എന്ന സത്യം ജീവിതം വഴി സാക്ഷ്യപ്പെടുത്തുക ഇവയാണ് ക്രിസ്തു ശിഷ്യന്റെ ഉത്തരവാദിത്വങ്ങൾ.

മിഴികൾ തെളിയട്ടെ.... ദൈവവിളി ഉണരട്ടെ...

തയ്യാറാക്കിയത്
ഭക്തസംഘടന ഏകോപനസമിതി, കുന്നംകുളം

## സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ.എൽ.എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി.എൽ.സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി.എൽ.സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ.സി.വൈ.എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |

# പുസ്തക പരിചയം



സിസ്റ്റർ അൻസ ജോസ് CMC

## അലക്സമ്മാവൻ


ഫാദർ ഇമ്മാനുവേൽ

ഇതൊരു പ്രത്യേകതരം ഗ്രന്ഥമാണ്. ഒരു നീണ്ട കഥ. ജയിലിലായ വൈദികനെക്കുറിച്ചുള്ള കഥ. അതേസമയം വിജ്ഞാനപ്രദങ്ങളായ ധാരാളം വിഷയങ്ങൾ ഇതിൽ പ്രതിപാദിക്കുന്നുണ്ട്. ജീവിതവിജയത്തിന് ഏവർക്കും ഉപകരിക്കുന്ന പ്രായോഗിക നിർദ്ദേശങ്ങളും മതപരമായ പ്രശ്നങ്ങൾക്കുള്ള മറുപടികളും ഇതിൽ കാണാം.

മുഖ്യ കഥയോടൊപ്പം രസകരങ്ങളായ ധാരാളം ഉപകഥകളും നർമ്മരസം തുളുമ്പുന്ന സംഭവങ്ങളും ഇതിൽ വിവരിച്ചിരിക്കുന്നു. വിവാഹജീവിതം, പൗരോഹിത്യം, ദൈവവിളി, പ്രേഷിതത്വം, സുകൃതജീവിതം എന്നിവ ആകർഷകമായി പ്രതിപാദിച്ചിട്ടുണ്ട്. വായിച്ചു രസിക്കുക. വിജ്ഞാനം സമ്പാദിക്കുക.

| | |
|---|---|
| പുസ്തകത്തിന്റെ പേര് | : അലക്സമ്മാവൻ |
| രചന | : ഫാ. ഇമ്മാനുവേൽ |
| വില | : 68 രൂപ |
| പ്രസിദ്ധീകരണം | : മതബോധന വകുപ്പ്<br>വരാപ്പുഴ അതിരൂപത, ആശീർഭവൻ, എറണാകുളം |

## അഭിനന്ദനങ്ങൾ



എൻ.ജെ. ജെയ്മോൻ

കത്തോലിക്ക കോൺഗ്രസ്സ്
മറ്റം ഫൊറോന
സെക്രട്ടറിയായി തെരഞ്ഞെടുത്ത
**എൻ.ജെ. ജെയ്മോനും**
ജോ. സെക്രട്ടറിയായി തെരഞ്ഞെടുത്ത
**ഷോബി റൊണാൾഡിനും**
ഇടവകയുടേയും ടച്ച്-മീയുടേയും
**അഭിനന്ദനങ്ങൾ**



ഷോബി റൊണാൾഡ്

പാചക കോർണർ

# ഉണക്ക ചെമ്മീൻ ചമ്മന്തി

ബിന്ദു രാജു



| | |
|---|---|
| ഉണക്കച്ചെമ്മീൻ | 1 കപ്പ് |
| തേങ്ങ ചിരവിയത് | 1 കപ്പ് |
| ചുവന്നുള്ളി | 8 എണ്ണം |
| ഇഞ്ചി | ചെറിയ കഷണം |
| ഇഞ്ചി | ചെറിയ കഷണം |
| വറ്റൽ മുളക് | 8 എണ്ണം |
| കറിവേപ്പില | |
| വാളൻപുളി | നെല്ലിക്ക വലുപ്പത്തിൽ |
| വെളിച്ചെണ്ണ | |
| ഉപ്പ് | |

തയ്യാറാക്കുന്ന വിധം

ചെമ്മീനിന്റെ തലയും വാലും കളഞ്ഞു ഫ്രയിംഗ് പാനിൽ എണ്ണ യൊഴിക്കാതെ നന്നായി ചൂടാക്കിയതിനുശേഷം തണുക്കാൻ വെക്കുക. അതേ ഫ്രയിംഗ് പാനിൽ തന്നെ വറ്റൽ മുളകും എണ്ണ ഒഴിക്കാതെ നന്നായി ചൂടാക്കി മാറ്റി വെക്കുക. ചുവന്നുള്ളി, ഇഞ്ചി, വറ്റൽമുളക്, കറിവേപ്പില എന്നിവ ഒരു മിക്സറിൽ ചതച്ചെടുക്കുക. ഇതിലേക്ക് തേങ്ങയും വാളൻപുളിയും ഉപ്പും ചേർത്ത് വീണ്ടും നന്നായി ഒതുക്കി യെടുക്കുക. ശേഷം ഫ്രൈ ചെയ്തുവെച്ചിരിക്കുന്ന ഉണക്ക ചെമ്മീൻ ചോർന്നു നന്നായി അരച്ചെടുക്കുക. ഒരു പാത്രത്തിലേക്ക് മാറ്റി വെളി ച്ചെണ്ണ ഒഴിച്ച് കൂട്ടി യോജിപ്പിച്ചെടുക്കാം ചൂട് ചോറിന്റെ കൂടെ കഴി ക്കാൻ നല്ലതാണ്.

# മുളകുചുട്ട ചമ്മന്തി



| | |
|---|---|
| വറ്റൽമുളക് | 12 എണ്ണം |
| ചുവന്നുള്ളി | 30 എണ്ണം |
| വാളൻപുളി | ഒരു ചെറിയ നെല്ലിക്ക വലിപ്പത്തിൽ |
| ഉപ്പ് | പാകത്തിന് |
| പഞ്ചസാര | രണ്ടു നുള്ള് |
| വെളിച്ചെണ്ണ | നാല് ടീസ്പൂൺ |

തയ്യാറാക്കുന്ന വിധം

അല്പം എണ്ണയിൽ മുളകുവറുത്തു കോരുക, ഈ മുളക് രണ്ടാമത്തെ ചേരുവ ചേർത്തു ചതച്ചെടുക്കുക. ഇതിൽ ഉപ്പും പഞ്ചസാരയും ചേർത്ത് യോജിപ്പിച്ച ശേഷം വെളിച്ചെണ്ണയും ചേർത്തിളക്കി കുപ്പിയി ലാക്കിയാൽ മൂന്നുനാലു ദിവസം ഉപയോഗിക്കാം.



Solemn Holy Communion



**Rolls Roby & Anlet Mariya**

Roby C.C & Henna Roby
Chowalloor (H), Cherukunnu Road
Kunnamkulam


---

*Best cmpliments :* ***Family & friends***





# Solemn Holy Communion



## Annah Rose

D/o. Vibimol Wilson

Panakkal House - Y. M. C. A. Road - Kunnamkulam

---

*Best Compliments From :*

*Mummy & Amma*






# നിറം കൊടുക്കാമോ

**ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ............................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ : ........................................... ഫോൺ നമ്പർ :..................................


**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Amal Joe Alappat, Class : III , Mary Matha Kudumbakoottayma

ചിൽഡ്രൻസ് കോർണർ

# ചിത്രശാല

## ചിത്രരചന ലളിതമായി... ഘട്ടംഘട്ടമായി...



ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7–ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: ................................................ ഫോൺ നമ്പർ :...................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**Nadal Lolac**

Std : IV, St. Joseph Kudumbakoottayma

"അമ്മച്ചി ഞങ്ങൾക്കൊന്നും ബാക്കി വച്ചില്ലേ"

# വചന കലണ്ടർ

## 2024

## JUNE ജൂൺ

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | | | **1**<br>2 കോറി 3:1–6<br>യോഹ 10:31–42 |
| **2**<br>പുറ 23:20–26<br>യോനാ 4:1–11<br>റോമ 15:14–21<br>ലൂക്കാ 9:1–6 | **3**<br>റോമ 1:1–7<br>ലൂക്കാ 4:14–22 | **4**<br>ശ്ലീഹ 19:11–20<br>മത്താ 17:14–21 | **5**<br>വെളി 3:14–22<br>യോഹ 9:1–11 | **6**<br>കൊളോ 2:8–17<br>മർക്കോ 3:1–12 | **7**<br>ഹെബ്രാ.10:19–24<br>യോഹ 19:31–37 | **8**<br>എഫേ 1:2–8<br>ലൂക്കാ 2:41–51<br>ഗലാ 2:19–21<br>മത്താ 25:31–40 |
| **9**<br>പുറ 20:1–17<br>ഏസ 3:1–11<br>റോമ 10:5–15<br>യോഹ 6:60–69 | **10**<br>2 തിമോ 3:10–17<br>മർക്കോ 4:10–20 | **11**<br>ഗലാ 2:1–10<br>മത്താ 10:16–22 | **12**<br>എഫേ 6:10–20<br>യോഹ 14:21–24 | **13**<br>1 കോറി 2:1–10<br>ലൂക്കാ 10:1–9 | **14**<br>യാക്കോ 1:19–27<br>ലൂക്കാ 6:46–49 | **15**<br>വെളി 3:7–13<br>യോഹ 5:19–24 |
| **16**<br>പുറ 7:1–6<br>ജെറെ 11:18–23<br>2 കോറി 4:7–18<br>മത്താ 10:16–33 | **17**<br>1 പത്രോ 2:18–25<br>യോഹ 15:18–27 | **18**<br>2 തെസ 1:3–10<br>യോഹ 15:18–27 | **19**<br>1 പത്രോ 3:13–19<br>യോഹ 16:1–7 | **20**<br>2 കോറി 10:1–6<br>ലൂക്കാ 13:31–35 | **21**<br>ഫിലി 1:27–30<br>ലൂക്കാ 12:4–12 | **22**<br>1 പത്രോ 4:12–19<br>മത്താ 10:16–22 |
| **23**<br>ലേവ്യ 8:1–13<br>ഏശ 6:1–8<br>1 കോറി 1:26–31<br>മത്താ 9:27–38 | **24**<br>ഗലാ 4:1–7<br>ലൂക്കാ 1:57 | **25**<br>2 തെസ 2:13–17<br>യോഹ 17:9–19 | **26**<br>2 കോറി 3:4–11<br>ലൂക്കാ 1:26–38 | **27**<br>എഫേ 3:14–21<br>ലൂക്കാ 1:26–38 | **28**<br>1 കോറി 7:17–24<br>യോഹ 21:1–14 | **29**<br>2 കോറി 11:21b–33<br>യോഹ 21:15–19 |
| **30**<br>സംഖ്യ11:16–18,24–30<br>1സാമു 16:14–23<br>ഗലാ 5:16–26<br>യോഹ14:15–20,25–26 | **1**<br>എഫേ 1:3–14<br>മത്താ 3:4–12 | **2**<br>തീത്തോ 3:1–7<br>യോഹ 3:1–12 | **3**<br>ഉത്പ 2:8–17<br>സുഭാ 4:10–18<br>എഫേ 2:19–22<br>യോഹ 20:24–29 | **4**<br>ഹെബ്രാ 3:7–19<br>മത്താ 16:1–12 | **5**<br>2 കോറി 6:1–10<br>ലൂക്കാ 10:1–12<br>17–20 | **6**<br>റോമ 14:13–19<br>യോഹ16:16–24 |

സ്മരണാഞ്ജലി

**40-ാം ചരമവാർഷികം**

29-06-2024



## പൊറത്തൂർ പള്ളിക്കുന്നത്ത് വാറുണ്ണി

# ജോണി

തൃശൂർ റോഡ്, കുന്നംകുളം

ഭാര്യ : സിസിലി ജോണി
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ




Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM